**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 689** **28-06-2022 - ൽ മറുപടിയ്ക്ക്**

**സൗരപദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കെ.എസ്.ഇ.ബി. യുടെ സൗരപദ്ധതി പ്രകാരം എത്ര പുരപ്പുറങ്ങളിൽ സൗരനിലയങ്ങൾ നിർമ്മിക്കാൻ അപേക്ഷ ലഭിച്ചിട്ടുണ്ടെന്നും എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഇപ്രകാരം അധികമായി ഉത്പാദിപ്പിക്കാൻ കഴിയുന്നതെന്നും വിശദമാക്കാമോ? | (എ) | കെ.എസ്.ഇ.ബി.-യുടെ സൗര പദ്ധതി പ്രകാരം പുരപ്പുറങ്ങളിൽ സൗരനിലയങ്ങൾ സ്ഥാപിക്കാൻ നാളിതുവരെ ആകെ 76122 അപേക്ഷകൾ ലഭിച്ചു. പ്രസ്തുത അപേക്ഷകളിൽ നിന്നും അനുയോജ്യമായവ കണ്ടെത്തി സൗര പദ്ധതിയുടെ കീഴിൽ 55.36 MW ശേഷിയുടെ 11024 നിലയങ്ങൾ നിലവിൽ പൂർത്തീകരിച്ചു. ഇതിൽ 38.28 MW-ന്റെ 9265 നിലയങ്ങൾ കമ്മീഷൻ ചെയ്തു. ഇതിൽ നിന്നും ഇപ്രകാരം 38.28 MW-ന്റെ അധിക വൈദ്യുതി ഉത്പാദിപ്പിക്കുന്നുണ്ട്.<br><br>സംസ്ഥാനത്ത് കെ.എസ്.ഇ.ബി.യുടെ സൗരപദ്ധതി പ്രകാരം കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷി അനെർട്ട് മുഖേന സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. ഗാർഹിക ഉപഭോക്താക്കൾ സ്ഥാപിക്കുന്ന 10 കിലോവാട്ട് വരെ ശേഷിയുള്ള സൗരോർജ്ജ പ്ലാന്റിനാണ് സബ്സിഡി നൽകുന്നത്. ഇതുവരെ ഈ പദ്ധതിയിൽ 5,254 പുരപ്പുറങ്ങളിൽ സൗരനിലയങ്ങൾ നിർമ്മിക്കാനുള്ള അപേക്ഷ അനെർട്ടിന് ലഭിച്ചിട്ടുണ്ട്. ആകെ **19.9** മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനാണ് അപേക്ഷ ലഭിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ